പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 620

12.6.2012 ൽ
മറുപടിയ്ക്ക്

<u>കണ്ണൂർ സൈബർ പാർക്കിന്റെ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | പയ്യന്നൂർ മണ്ഡലത്തിൽ മുമ്പ് അനുവദിച്ച കണ്ണൂർ സൈബർ പാർക്കിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ ; | എ) | കണ്ണൂർ ജില്ലയിലെ എരമത്ത് സൈബർപാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള 10.3750 ഹെക്ടർ സ്ഥലം കെ.എസ്.ഐ.ടി.ഐ.എൽ. ന് കൈമാറികഴിഞ്ഞു. പ്രസ്തുത പാർക്കിലേക്കുള്ള റോഡ്, ആവശ്യമായ വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ പ്രത്യേക സാമ്പത്തിക മേഖലാ പദവി പുനഃസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നബാർഡിൽ നിന്നും 21.40 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പാർക്ക് എന്ന് പ്രവർത്തന സജ്ജമാകുമെന്ന് അറിയിക്കുമോ ? | ബി) | 2014 മാർച്ച് മാസത്തോടുകൂടി ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ